ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/55564/2023-DB5 തീയതി: 29-11-2024

**സർക്കുലർ**

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഫണ്ട് വിഹിതം റോഡ് ആസ്തികളുടെ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുന്നത് സംബന്ധിച്ച്

സൂചന:
1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 6/6/24 തിയ്യതിയിലെ യോഗതീരുമാനം
2. ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിരുന്ന 9/6/24 തിയ്യതിയിലെ LSGD/PD/55564/2023-DB5 നമ്പർ സർക്കുലർ
3. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയുടെ 28/11/2024-ലെ യോഗ നിർദ്ദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികളുടെ വിവരങ്ങൾ R-Track ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്ന പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം നിർദേശം ലഭ്യമായിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം അറിയിപ്പ് നല്കിയിരുന്നതുമാണ്. R-Track ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്ന റോഡ് ആസ്തികളുടെ വിവരങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളുടെ കമ്മിറ്റി അംഗീകാരം നേടണമെന്ന് ഇതിനോടകം അറിയിച്ചിരുന്നതുമാണ്. എന്നാൽ ചില തദ്ദേശസ്ഥാപനങ്ങൾ ഇനിയും റോഡ് ആസ്തികൾ സംബന്ധിച്ച്, പ്രസ്തുത അംഗീകാരം നൽകുവാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. R-Track മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങൾക്ക് **2024 ഡിസംബർ 12-നകം** തദ്ദേശസ്ഥാപനങ്ങൾ അംഗീകാരം നൽകുവാൻ സൂചന (3)-ന്റെ അടിസ്ഥാനത്തിൽ നിർദേശം നൽകുന്നു. ടി തിയതിക്കുള്ളിൽ റോഡ് ആസ്തികൾ സംബന്ധമായ വിവരങ്ങൾക്ക് അംഗീകാരം നൽകാത്ത തദ്ദേശസ്ഥാപനങ്ങളിൽ, R-Track ആപ്ലിക്കേഷൻ മുഖേന ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് വിഹിതം നിശ്ചയിച്ച് നൽകുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,
Seeram Sambasiva Rao IAS
PRINCIPAL DIRECTOR

Signed by Seeram Sambasiva Rao
Date: 29-11-2024 07:09:22